Chief Minister [Sri. T. K. Narayana Pillai]:

(*a*) About Rs. 30,000.

(*b*) Rs. 620.

പരസ്യങ്ങൾ

*൨൨൩. (൨൩) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പത്രങ്ങൾക്ക് കൊടുക്കുന്ന ഗവൺമെണ്ടുവക പരസ്യങ്ങൾക്കു കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ എന്തു ചെലവു വന്നിട്ടുണ്ട്;

(ബി) പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ ഏവ;

(സി) ഈ വകയിൽ ഓരോ പത്രവും എത്ര സംഖ്യവീതം സർക്കാരിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി) സ്റ്റാർ 2-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(സി) ഒന്നാം ചോദ്യത്തിനുള്ള ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ലോൺ

*൨൨൪. (൨൪) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഴകപ്പാമില്ലിലേക്ക് ഗവൺമെണ്ടിൽനിന്നും പത്തുലക്ഷം ഉറപ്പിക കടംകൊടുപ്പാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ എത്ര സംഖ്യ കൊടുത്തു;

(സി) എന്തു വ്യവസ്ഥയിന്മേൽ;

(ഡി) മേൽനോട്ടത്തിനായി ഗവൺമെണ്ടിൽനിന്നും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും സഹായവും റവന്യൂവകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ, ബി) പത്തുലക്ഷം ഉറപ്പിക കടം കൊടുത്തു.

(സി) പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

ക. കമ്പനിവക സ്വത്തുക്കൾ സർക്കാരിലേക്ക് പണയപ്പെടുത്തി

ഖ. വായ്പസംഖ്യക്ക് അഞ്ചുശതമാനം പലിശ കണക്കാക്കി

ഗ. മാസത്തിൽ പതിനയ്യായിരം ഉറപ്പികയും പലിശയും മടക്കി അടക്കണം

ഘ. തൊഴിൽകാർക്കും ക്ഷീരവകുപ്പിലേക്കും കൊടുക്കുവാനുള്ള സംഖ്യ ക്രമപ്രകാരം കമ്പനി കൊടുത്തുകൊള്ളണം

ങ. രണ്ടു ഡയറക്ടറന്മാരെ നിയമിക്കുന്നതിനുള്ള അവകാശം ഗവൺമെണ്ടിലേക്ക് ഉണ്ടായിരിക്കണം

ച. കരാറുപ്രകാരം ഗവൺമെണ്ടിലേക്ക് പിരിയുവാനുള്ള സംഖ്യയിൽ കമ്പനി മുടക്കുവരുത്തുന്നപക്ഷം നികുതി ബാക്കി പിരിവു നിയമപ്രകാരം ഗവൺമെണ്ടിനു് അപ്രകാരം മുടക്കുവരുത്തിയ സംഖ്യ പിരിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly